106 (106) എഫ്.സി.ഐ.യുടെ ഭക്ഷ്യശേഖരം നശിക്കാൻ ഇടയായ സംഭവം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിനുവേണ്ടി എഫ്.സി.ഐ. ശേഖരിച്ചുവെച്ചിരുന്ന ഭക്ഷ്യ ധാന്യങ്ങൾ നശിക്കാൻ ഇടയായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യ ധാന്യങ്ങൾ നശിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) തുറസ്സായ സ്ഥലത്ത് വെയിലും മഴയും ഏറ്റ് ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം നഷ്ടപ്പെടാതിരിക്കാൻ വേണ്ടത്ര ഗോഡൗണുകൾ നിർമ്മിക്കാൻ ശുപാർശ ചെയ്യുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) എഫ്.സി.ഐ. ഗോഡൗൺ പണിയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടിയാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ പ്രത്യേക താൽപ്പര്യമെടുക്കുന്നുണ്ട്. കേരളത്തിൽ ആവശ്യമുള്ള ഗോഡൗണുകൾക്കായി എഴുതിയിട്ടുണ്ട്.

107 (107) മണ്ണെണ്ണ പെർമിറ്റിനുള്ള ജോയിന്റ് വെരിഫിക്കേഷൻ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണ പെർമിറ്റു നൽകുന്നതിന് വേണ്ടി ജോയിന്റ് വെരിഫിക്കേഷന് യഥാസമയം ബോട്ടുകൾ ഹാജരാക്കാൻ കഴിയാത്തതുമൂലം കഴിഞ്ഞവർഷം പലർക്കും മണ്ണെണ്ണ പെർമിറ്റ് ലഭിക്കാതിരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം വെരിഫിക്കേഷന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) യഥാസമയം ബോട്ടുകൾ ഹാജരാക്കാൻ സാധിക്കാത്തവർക്ക് ഒരവസരംകൂടി നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 8.1.97-ന് നടന്ന ജോയിന്റ് വെരിഫിക്കേഷന് ബോട്ടുകൾ ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന് കാണിച്ച് ചില നിവേദനങ്ങൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്

(ബി) ഈ വർഷം ജോയിന്റ് വെരിഫിക്കേഷനുള്ള സംവിധാനം ഏർപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly